മേജർ പഞ്ചായത്തു്.

352. [42] ശ്രീ. കെ. എ. ശ്വരാമഭാരതി : താഴെ കാണുന്ന ചോദ്യത്തിന്മേൽ ഗ്രാമപ്രദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ, വടക്കഞ്ചേരി, ചാലക്കുടി ഈ മാതിരിയുള്ള മേജർപഞ്ചായത്തുകളെ മൈനർ മുനിസിപ്പാലിറ്റികളായിട്ടു് മാറ്റുന്നതിനു് ഗവണ്മെന്റു് ആലോചിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഗവണ്മെന്റു ആലോചിക്കുമോ ?

ഉത്തരം.

(എ), (ബി) ഗവണ്മെന്റു് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ലേബർ ആഫീസറന്മാർ.

353. [48] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിന്മേൽ മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 70–150 രൂപ ശമ്പളസ്കെയിലിൽ 14 ലേബർ ആഫീസറന്മാരെ നിയമിക്കണമെന്നു കാണിച്ചുകൊണ്ടു് ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും വല്ല നിർദ്ദേശവും ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റു് എന്തു നടപടി സ്വീകരിച്ചു;

(സി) ലേബർ ആഫീസറന്മാരുടെ കുറവിനെ പരിഗണിച്ചു് ഈ നിയമനം നടത്താനുള്ള സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം.

(എ) 125–200 രൂപ സ്കെയിലിൽ ഏഴും 70–150 രൂപ സ്കെയിലിൽ ഏഴും (ആകെ 14) ലേബർ ആഫീസറന്മാരെ നിയമിക്കുന്നതിനു് ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

(ബി) ഈ സംഗതി അടുത്ത ബഡ്ജറ്റിൽ പരിഗണിക്കാമെന്നും ലേബർകമ്മീഷണർ വേണ്ട നടപടി എടുക്കുമെന്നും തീരുമാനിച്ചിട്ടുണ്ടു്.

(സി) ആലോചിക്കാം.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE.

Closing down of Cashew-nut factories in Central Travancore.

9 A. M.] MR. SPEAKER : The question time is over.

Shri B. B. Pandarathil has given notice of a motion under Rule 66 of the Rules of Procedure and Conduct of Business and his intention is to call the attention of the Chief Minister who is also the Minister in charge of Labour

LIBRARY ARCHIVES Kerala Legislative Assembly

to a matter of urgent public importance, namely the closing down of the cashew-nut factories in Central Travancore resulting in the unemployment of about 50,000 workers in the State and the consequent misery and starvation in their households.

Has the Chief Minister anything to say?

SHRI PANAMPILLI GOVINDA MENON: I have not received notice of that matter. If I should make a statement, I want some time and so I shall do it to-morrow.

MR. SPEAKER: That question will come up to-morrow.

MOTION UNDER RULE 137.

State Second Five Year Plan.

SHRI PANAMPILLI GOVINDA MENON: Sir, I move that the State Second Five Year Plan be discussed.

സർ, കഴിഞ്ഞ നിയമസഭ കൂടുന്നതിനുമുമ്പ് സഭയുടെ പല ഭാഗങ്ങളിൽനിന്നും രണ്ടാംപഞ്ചവത്സരപദ്ധതിയെപ്പറ്റി വാദപ്രതിവാദം ചെയ്യാൻ ഒരവസരം നിയമസഭയ്ക്കു നൽകണമെന്നു ആവശ്യപ്പെടുകയും അങ്ങനെചെയ്യാമെന്നു ഞാനും സമ്മതിച്ചിട്ടുള്ളതുമാണ്. ഈ നിയമസഭ വിളിച്ചുകൂട്ടിയതു് പ്രധാനമായി എസ്സ്. ആർ. സി. റിപ്പോർട്ടിനെപ്പറ്റി വാദപ്രതിവാദം ചെയ്യാനാണു്. എന്നാലും ഈ അവസരം രണ്ടാം പഞ്ചവത്സരപദ്ധതി സംബന്ധിച്ചുകൂടി ഡിസ്ക്കസ് ചെയ്യുന്നതിനു വിനിയോഗിക്കണമെന്നു ഗവണ്മെൻറിനും ഈ സഭയിലെ അംഗങ്ങളെപ്പോലെ ഉൽക്കണ്ഠ ഉള്ളതുകൊണ്ടു് ഇതുസംബന്ധിച്ചുള്ള വാദപ്രതിവാദം നടത്താമെന്നു ഗവണ്മെൻറ് വിചാരിക്കയാണു്. ഈ കാര്യത്തിൽ ഉണ്ടായിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു ഈ സഭയിലെ അംഗങ്ങൾക്കു അറിയാമെന്നാണു ഞാൻ കരുതുന്നതു്. കൂടാതെ അനുസരിച്ചു് ഗവണ്മെൻറ് ഈ കാര്യത്തെപ്പറ്റി ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കമ്മിറ്റിയുമായി ആലോചിക്കുകയും അവരുടെ പ്രൊപ്പോസൽ അനുസരിച്ചു പ്ലാനിംഗിനുവേണ്ടി ഒരു ഡ്രാഫ്റ്റ് തയാറാക്കുകയും ചെയ്തു. അതിനെ സംബന്ധിച്ചു് പ്ലാനിംഗ് അഡ്വൈസറിബോർഡുമായി ചർച്ച നടത്തുകയും ബോർഡിലെ അംഗങ്ങൾ നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചു ഗവണ്മെൻറ് ഡ്രാഫ്റ്റ് പ്ലാനിൽ ചില ഭേദഗതികൾ വരുത്തുകയും, അതോടുകൂടി സെൻട്രൽ ഗവണ്മെൻറിൻറെ പര്യാലോചനയ്ക്കായി അയച്ചുകൊടുക്കുകയും ചെയ്തു. അതിനുമുമ്പായിത്തന്നെ പ്ലാനിംഗ് കമ്മിഷൻറെ ചില നിർദ്ദേശങ്ങളും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടു്. ഇപ്പോൾ കേന്ദ്രത്തിനു് അയച്ചുകൊടുത്തിട്ടുള്ള പ്ലാൻ ഈ ഗവണ്മെൻറ് നടത്തേണ്ടതായ കാര്യങ്ങളെക്കുറിച്ചാണു്.

ഇൻഡ്യയിലുള്ള എല്ലാസ്റ്റേറ്റുഗവണ്മെൻറുകൾക്കും കൂടി നീക്കിവച്ചിട്ടുള്ള തുക 2250 കോടി രൂപയാണെന്നു് ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാമെന്നു വിശ്വസിക്കുന്നു. ഈ രണ്ടായിരത്തിഇരുനൂറ്റിഅൻപതുകോടി രൂപയുടെ പ്ലാനിംഗ് സ്റ്റേറ്റുഗവണ്മെൻറുകളുടെ വകയായി നടത്താനുള്ള ജോലികൾക്കു വേണ്ടിയാണു്. എന്നാൽ മേൽപ്പറഞ്ഞ സംഖ്യയ്ക്കു പുറമേ അതിനും വരുന്ന സംഖ്യകൂടി സ്റ്റേറ്റുഗവ

LIBRARY ARCHIVES Kerala Legislative Assembly